No.CEE/1133/5LLB-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ത്രിവത്സരഎൽഎൽ.ബി/ഇന്റഗ്രേറ്റഡ് പഞ്ചവത്സരഎൽഎൽ.ബി/കെ.മാറ്റ്/എൽ.എൽ.എംകോഴ്സുകളുടെ ഓൺലൈൻ പ്രവേശന പരീക്ഷ–2021

2021–22 അധ്യയനവർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി /ത്രിവത്സര എൽഎൽ.ബി/ എൽ.എൽ.എം / എം.ബി.എ(കെ.മാറ്റ്) എന്നീകോഴ്സുകളുടെ പ്രവേശന പരീക്ഷകൾ യഥാക്രമം ആഗസ്റ്റ്11, 12, 13 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ**'Candidate portal'** ൽ ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

### പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.inഎന്ന വെബ് സൈറ്റിൽ നിന്നും ഡൗണ്‍ലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്
- റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപെടുന്നതിനായി 'Mock Test' നടത്തുന്നതായിരിക്കും.
- തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും. ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം പരീക്ഷകൾക്ക് രണ്ട് മണിക്കൂർ ദൈർഘ്യവും കെ.മാറ്റ് പരീക്ഷയ്ക്ക് മൂന്ന്മണിക്കൂർ ദൈർഘ്യവുമാണ് അനുവദിച്ചിരിക്കുന്നത്.
- ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് ത്രിവത്സര/പഞ്ചവത്സര എൽഎൽ.ബി പരീക്ഷയ്ക്ക്200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും കെ.മാറ്റ് പരീക്ഷയ്ക്ക് 180 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.
- കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ്എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ(ആധാർ/വോട്ടർ ഐഡി/ഡ്രൈവിഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കുന്നതല്ല.
- കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന എല്ലാവിദ്യാർത്ഥികളും/രക്ഷിതാക്കളും സർക്കാർ, ആരോഗ്യവകുപ്പ് സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- പരീക്ഷാകേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹികഅകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, കൂടാതെ പരീക്ഷാ കേന്ദ്രത്തിൽ ലഭ്യമായ തെർമൽ സ്കാനിംഗിന് നിർബന്ധമായും വിധേയമാകേണ്ടതുമാണ്. കൈകൾസോപ്പ് /സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിരിക്കണം.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല. വിദ്യാർത്ഥികളെ പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചതിനുശേഷം ഉടനെ തന്നെ രക്ഷാകർത്താക്കൾ പരീക്ഷാ കേന്ദ്രത്തിന്റെ പരിസരത്തു നിന്നും മാറേണ്ടതാണ്.
- യാതൊരു കാരണവശാലും പരീക്ഷാ കേന്ദ്രത്തിലോ പരിസരത്തോ കൂട്ടം കൂടുവാനോ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ വാഹനം പാർക്ക് ചെയ്യുവാനോ പാടുള്ളതല്ല. ഇത് വളരെ കർശനമായി പാലിക്കേണ്ടതാണ്. സാമൂഹ്യ അകലം പാലിക്കാതെ കൂട്ടം കൂടി നിൽക്കുന്നത് ശിക്ഷാർഹമാണ്.
- ഒരുകവാടത്തിലൂടെ മാത്രമേ പരീക്ഷാകേന്ദ്രത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഇവർ പരീക്ഷാപൂർത്തിയാക്കി തിരികെ പോകുമ്പോഴും അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ടസാമഗ്രികൾ (പേന, പെൻസിൽ, വെള്ളം) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- വിദ്യാർത്ഥികൾ ബാഗുകളും മറ്റ് സാധനങ്ങളും പരീക്ഷാ ഹാളിനു പുറത്ത് കൂട്ടമായി വയ്ക്കാതെ അതിനായി നിർദ്ദേശിക്കുന്ന പ്രത്യേകം സ്ഥലത്ത് സുരക്ഷിതമായി വയ്ക്കേണ്ടതാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ. പരീക്ഷാഹാളിൽ സാമൂഹികഅകലം പാലിക്കേണ്ടതും ഹാളിന്റെമറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.
- കോവിഡ് പോസിറ്റീവായവർ, ക്വാറന്റൈനിൽ ഉള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ളവിദ്യാർത്ഥികൾ എന്നിവർ നിശ്ചിതസമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാകേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന്അകലം പാലിക്കുകയും, പരീക്ഷാകേന്ദ്രത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുൻകൂർ അറിയിപ്പ് നൽകുകയും ചെയ്യേണ്ടതുമാണ്.
- കോവിഡ് പോസിറ്റീവായവർ, ക്വാറന്റൈനിൽ നിന്നുള്ള വിദ്യാർത്ഥികളും, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികളും അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതാണ്. കോവിഡ്-19 മാർഗ നിർദ്ദേശങ്ങൾക്കൊപ്പം പൊതുനിർദ്ദേശങ്ങളും ഇവർ പാലിക്കേണ്ടതാണ്.
- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ വലിച്ചെറിയാതെ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിലേക്ക് പുറപ്പെടുന്ന മുതലുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം മാസ്ക് വേണ്ടവർ കൈയിൽകരുതേണ്ടതാണ്.
- പ്രവേശന പരീക്ഷ കഴിഞ്ഞ് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്ക് വരുന്ന വിദ്യാർത്ഥികളെ പ്രവേശന കവാടത്തിൽ നിന്നും മാറി തിരക്കു കുറഞ്ഞ സുരക്ഷിതമായ ഒരു സ്ഥലത്ത് നിന്നും കൂട്ടികൊണ്ട് പോകേണ്ടതാണ്.

- യാതൊരു കാരണവശാലും പരീക്ഷാ കേന്ദ്രത്തിലോ സമീപത്തോ കൂട്ടം കൂടുവാനോ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ വാഹനം പാർക്ക് ചെയ്യുവാനോ പാടുള്ളതല്ല. ഇത് വളരെ കർശനമായി പാലിക്കേണ്ടതാണ്. സാമൂഹ്യ അകലം പാലിക്കാതെ കൂട്ടം കൂടി നിൽക്കുന്നത് ശിക്ഷാർഹമാണ്.
- KTU വിന്റെയുൾപ്പെടെയുള്ള മറ്റ് പരീക്ഷകൾ നടക്കുന്ന സാഹചര്യമോ അപര്യാപ്തമായ പാർക്കിംഗ് സൗകര്യമോ ഉള്ള പരീക്ഷാ കേന്ദ്രങ്ങളിലും തിക്കും തിരക്കും ഉണ്ടാകാതെ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

പരീക്ഷാ സംബന്ധമായ മാർഗ നിർദ്ദേശങ്ങൾ വെബ് സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

ഹെൽപ്പ് ലൈൻ നം: 0471 2525300

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**
10.08.2021